സെൻട്രൽ ടാക്സ് മുതലായവയുടെ സംസ്ഥാന വിഹിതം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക, ഗവർണ്ണർ, മുഖ്യമന്ത്രി, മന്ത്രിമാർ മറ്റു ഉയർന്ന ഉദ്യോഗസ്ഥർ എന്നിവരുടെ ഡൽഹിയിലെ ഔദ്യോഗിക സന്ദർശനത്തിന് സഹായങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്തുക, കേന്ദ്രവിദേശ മന്ത്രാലയം ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ വിദേശ രാഷ്ട്രത്തലവൻമാരുടെയും മറ്റു പ്രമുഖരുടെയും കേരളത്തിലേക്കുള്ള ഔദ്യോഗിക യാത്രകൾ ക്രമീകരിക്കുക എന്നിവയാണ് റസിഡന്റ് കമ്മീഷണറുടെ ബഹുമുഖമായ കർത്തവ്യങ്ങൾ.

ഡൽഹിയിൽ നിയമിക്കപ്പെടുന്ന എല്ലാ കേരള സർക്കാർ ജീവനക്കാരുടെയും ഭരണപരമായ നിയന്ത്രണം, കേരളാ ഹൗസിന്റെയും റസിഡന്റ് കമ്മീഷണർ ആഫീസിന്റെയും എസ്റ്റാബ്ലിഷ്മെന്റിന്റെ നിയന്ത്രണം, ന്യൂഡൽഹിയിലെ norka cell, Information Office എന്നിവയുടെ പ്രവർത്തനങ്ങളുടെ ഭരണപരമായ നിയന്ത്രണം തുടങ്ങിയവ അദ്ദേഹത്തിന്റെ ഉത്തരവാദിത്വങ്ങളാണ്.

(സി&ഡി) അതതു സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിലെ വിവിധ മന്ത്രാലയങ്ങൾ രൂപം നൽകുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിവരം ശേഖരിച്ച് ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാരെ ധരിപ്പിക്കുകയും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നൽകുന്ന സ്കീമുകൾ ബന്ധപ്പെട്ട മന്ത്രാലയങ്ങളിൽ അന്വേഷിച്ച് തുക ലഭിക്കുന്നതിനുവേണ്ട നടപടികൾ സമയബന്ധിതമായി സ്വീകരിക്കുകയും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രസഹായം കൃത്യസമയത്ത് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട മന്ത്രാലയങ്ങളിൽ പുരോഗതി നിരീക്ഷിച്ച്, വിലയിരുത്തി സംസ്ഥാന സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. 2002-03 വർഷം 75 കോടി രൂപായും 2003-04-ൽ 30 കോടി രൂപായും അധിക കേന്ദ്രസഹായം, സമയബന്ധിതമായി അനുവദിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ച് വിവിധ മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് അവയുടെ സ്ഥിതി വിവരം യഥാസമയം സംസ്ഥാന സർക്കാരിനെ ധരിപ്പിക്കുന്നുണ്ട്.

സെക്രട്ടേറിയറ്റ് മന്ദിരത്തിൽ വിവിധ വകുപ്പുകളും സെക്ഷനുകളും ഒരേ സ്ഥലത്തായി പുനഃക്രമീകരിക്കാൻ നടപടി

13 (2964) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് മന്ദിരത്തിൽ വിവിധ മന്ത്രിമാരുടെ ഓഫീസുകൾ സെക്രട്ടറിമാരുടെ ഓഫീസുകൾ, വിവിധ സെക്ഷനുകൾ എന്നിവയുടെ സ്ഥാനം സംബന്ധിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഒരേ വകുപ്പിന്റെ വിവിധ സെക്ഷനുകൾ ഇടകലർന്നു കിടക്കുന്നതു മൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ വിലയിരുത്തുമോ ;

(സി) ഓരോ വകുപ്പിനും വകുപ്പുമന്ത്രി, സെക്രട്ടറിമാർ, ബന്ധപ്പെട്ട വിവിധ ഉദ്യോഗസ്ഥൻമാർ, സെക്ഷനുകൾ എന്നിവ ഒരേ സ്ഥലത്താക്കി ഓരോ മന്ത്രാലയം എന്ന നിലയിൽ പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിവതും ഒരേ വകുപ്പിന്റെ വിവിധ സെക്ഷനുകളെ ഒരുമിച്ചാണ് ഇട്ടിരിക്കുന്നത്.

(സി) സ്ഥല പരിമിതി മൂലം തൽക്കാലം നിർവ്വാഹമില്ല.

സെക്രട്ടേറിയറ്റ് മന്ദിരങ്ങളിലെ വൈദ്യുതി, വെള്ളം ചാർജ്ജ്

14 (2965) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് മന്ദിരം അനക്സ് എന്നിവയ്ക്ക് 2002 ജനുവരി മുതൽ ഡിസംബർ വരെ മാസങ്ങളിൽ ഓരോ മാസവും വൈദ്യുതി ചാർജ്ജ് ഇനത്തിൽ ചെലവായ തുക എത്ര വീതമായിരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഈ കാലയളവിൽ വെള്ളക്കരം ഇനത്തിൽ ഓരോ മാസവും ചെലവുവന്ന തുക എത്രയായിരുന്നുവെന്നു കൂടി വ്യക്തമാക്കുമോ ;

(സി) സെക്രട്ടേറിയറ്റ് മന്ദിരത്തിലെ വൈദ്യുതി, ശുദ്ധജല ഉപയോഗം എന്നിവ കാര്യക്ഷമമാക്കാനും ചെലവ് കുറയ്ക്കാനും എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ രൂപം നൽകിയിട്ടുള്ളതെന്നു കൂടി വിശദമാക്കുമോ ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് മന്ദിരം, അനക്സ് എന്നിവയ്ക്ക് 2002 ജനുവരി മുതൽ ഡിസംബർ വരെ പ്രതിമാസവും ദൈമാസവുമായി അടച്ച വൈദ്യുതി ചാർജ്ജ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I-ൽ കൊടുത്തിട്ടുണ്ട്*.

(ബി) പ്രതിമാസം ശരാശരി ഓരോ കൺസ്യൂമർ നമ്പരിനും ഉണ്ടാകുന്ന ചെലവ് അനുബന്ധം II-ൽ കൊടുത്തിട്ടുണ്ട്*.

(സി) സെക്രട്ടേറിയറ്റിലെ വൈദ്യുതി, ശുദ്ധജലം എന്നിവയുടെ ഉപഭോഗം കാര്യക്ഷമമാക്കാനും ചെലവ് കുറയ്ക്കാനും ജീവനക്കാരെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ഓഫീസ് സമയം കഴിഞ്ഞും ഓഫീസ് വീട്ടുപോകുമ്പോഴും ലൈറ്റും ഫാനും മറ്റ് വൈദ്യുതോപകരണങ്ങളും ഓഫ് ചെയ്യണമെന്നും വാട്ടർ ടാപ്പുകൾ ആവശ്യം കഴിഞ്ഞ് അടയ്ക്കണമെന്നും കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊട്ടി ഒലിക്കുന്ന വാട്ടർ ടാപ്പുകൾ യഥാസമയം നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly